# വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത്

ISO 9001: 2015 Certified

# ബജറ്റ്

## 2026-27



# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

# ബജറ്റ്

# 2026 - 2027

# വടക്കാഞ്ചേരി ബ്ലോക്ക്പഞ്ചായത്ത് ഭരണസമിതി



കെ.വി. നഫീസ
പ്രസിഡന്റ്



ശ്രുതി ലാലു
വൈസ് പ്രസിഡന്റ്



ടി.വി. സുനിൽകുമാർ
ചെയർമാൻ, വികസന സ്റ്റാന്റിംഗ് കമ്മിറ്റി



ലത മോഹനൻ
ചെയർപേഴ്സൺ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി



ഉ. ശ്രീകൃഷ്ണൻ
ചെയർമാൻ, ആരോഗ്യ–വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി



കെ. പ്രേമൻ
മെമ്പർ



പി.ഐ. ഷാനവാസ്
മെമ്പർ



സുധാദേവി പി.
മെമ്പർ



ടി.സി. രാമകൃഷ്ണൻ
മെമ്പർ



പി.എം. സജി
മെമ്പർ



സ്വപ്ന
മെമ്പർ



സിജി ജോൺ
മെമ്പർ



ഷംല ഷിഹാബ്
മെമ്പർ



അൻസാർ അഹമ്മദ് കെ.എ.
സെക്രട്ടറി

## ബ്ലോക്ക്പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധീകരിക്കുന്ന ജനപ്രതിനിധികൾ



**കെ. രാധാകൃഷ്ണൻ**
ആലത്തൂർ എം.പി.



**എ.സി. മൊയ്തീൻ**
കുന്നംകുളം എം.എൽ.എ.



**സേവ്യർ ചിറ്റിലപ്പിള്ളി**
വടക്കാഞ്ചേരി എം.എൽ.എ.



**യു.ആർ. പ്രദീപ്**
ചേലക്കര എം.എൽ.എ.



**മേരി തോമസ്**
ജില്ലാപഞ്ചായത്ത് പ്രസിഡണ്ട്
മെമ്പർ വാഴാനി ഡിവിഷൻ



**ജൂഷണ**
ജില്ലാപഞ്ചായത്ത് മെമ്പർ
വള്ളത്തോൾ നഗർ ഡിവിഷൻ



**മായ ടീച്ചർ**
ജില്ലാപഞ്ചായത്ത് മെമ്പർ
ചേലക്കര ഡിവിഷൻ



**മീന സാജൻ**
ജില്ലാപഞ്ചായത്ത് മെമ്പർ
എരുമപ്പെട്ടി ഡിവിഷൻ



**ബിന്ദു ഗിരീഷ്**
പ്രസിഡണ്ട്
മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്




**യു.ജി. കണ്ണൻ**
പ്രസിഡണ്ട്
വരവൂർ ഗ്രാമപഞ്ചായത്ത്



**ശാന്ത ഉണ്ണികൃഷ്ണൻ**
പ്രസിഡണ്ട്
തെക്കുംകര ഗ്രാമപഞ്ചായത്ത്



**സന്ധ്യ ടീച്ചർ**
പ്രസിഡണ്ട്
ദേശമംഗലം ഗ്രാമപഞ്ചായത്ത്



**എൻ.എസ്. വർഗ്ഗീസ്**
പ്രസിഡണ്ട്
മുള്ളൂർക്കര ഗ്രാമപഞ്ചായത്ത്

# വടക്കാഞ്ചേരി ബ്ളോക്ക് പഞ്ചായത്ത്

## 2026-2027 ബജറ്റ് പ്രസംഗം

വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തെ കരട് ബജറ്റ് അവതരണ സമ്മേളനത്തിൽ പങ്കെടുക്കുന്ന ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, പഞ്ചായത്ത് പ്രസിഡണ്ടുമാർ, മറ്റ് ജനപ്രതിനിധികൾ, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ, നിർവ്വഹണ ഉദ്യോഗസ്ഥർ തുടങ്ങിയ എല്ലാവരേയും സ്നേഹപൂർവ്വം സ്വാഗതം ചെയ്യുന്നു.

കേരളത്തിൽ അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി ആവിഷ്കരിച്ച ജനകീയാസൂത്രണപ്രസ്ഥാനത്തിന്റെ 25 വർഷം പൂർത്തിയായ ഘട്ടത്തിലാണ് പതിനാലാം പഞ്ചവത്സരപദ്ധതി ആരംഭിക്കുന്നത്. (2022-23 മുതൽ 2026-27 വരെ). കേരളത്തിന്റെ സുസ്ഥിരമായ വികസനമാണ് പതിനാലാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പതിനാലാം പഞ്ചവത്സരപദ്ധതിയുടെ 5-ാമത്തെ വർഷത്തിലേക്ക് പ്രവേശിക്കുന്ന സമയത്താണ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ള ബജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്.

സംസ്ഥാനത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കി പതിനാലാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്തിട്ടുള്ള പൊതു ലക്ഷ്യങ്ങളും സവിശേഷ ലക്ഷ്യങ്ങളും മുൻനിർത്തി, സമഗ്രവും ജനോപകാരപ്രദവുമായ വികസന/ക്ഷേമ പ്രവർത്തനങ്ങളാണ് വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നത്. ഉൽപാദന, സേവന, പശ്ചാത്തല മേഖലകളിലായി നിരവധി വികസന/ക്ഷേമ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതാണ്. ആരോഗ്യമേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും കാർഷിക, മൃഗസംരക്ഷണ, ക്ഷീരമേഖലകളിലെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിനും, കഴിഞ്ഞ കാലങ്ങളിൽ പദ്ധതികളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. കർഷകരുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് കാർഷികോൽപ്പന്നങ്ങളുടെ മൂല്യ ശൃംഖല വികസിപ്പിക്കുന്നതിനും, മൂല്യ വർദ്ധിത ഉൽപ്പന്നങ്ങളിൽ അധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും കാർഷികോൽപ്പന്നങ്ങൾ ശേഖരിച്ച് സംഭരിക്കുന്നതിനുമായി ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്ന ശീതീകരിച്ച പച്ചക്കറി സംഭരണ

വിപണന കേന്ദ്രം സംസ്ഥാനത്തിനുതന്നെ മികച്ച മാതൃക ആകുമെന്ന് കരുതുന്നു. പട്ടികജാതി മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും, കെട്ടിടങ്ങൾ ഇല്ലാത്ത അംഗൻവാടികൾക്കായി കെട്ടിടം നിർമ്മിക്കുന്നിനും, ശുചിത്വം, കുടിവെള്ളം, മാലിന്യ സംസ്കരണം, അതിദാരിദ്ര്യ നിർമ്മാർജ്ജനം, മണ്ണ്, ജല സംരക്ഷണം എന്നിവക്കായും നിരവധി പദ്ധതികൾ കഴിഞ്ഞ കാലങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുള്ളതാണ്.

പതിനാലാം പഞ്ചവത്സരപദ്ധതി വിഭാവനം ചെയ്ത സുസ്ഥിര വികസന ലക്ഷ്യങ്ങളെ അടിസ്ഥാനമാക്കി പദ്ധതികൾ ആവിഷ്കരിക്കുന്നതോടൊപ്പം തന്നെ, നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും ഭരണസമിതി ലക്ഷ്യമിടുന്നു. ഭവനനിർമ്മാണം, ദാരിദ്ര്യ നിർമ്മാർജ്ജനം, ആരോഗ്യമേഖലയിലെ അടിസ്ഥാനസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, പട്ടികജാതി ഉന്നതികളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, കുട്ടികൾ, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, സ്ത്രീകൾ എന്നിവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുമുള്ള പ്രവർത്തനങ്ങളും, "മാലിന്യമുക്തം നവകേരളം" ക്യാമ്പയിനിന്റെ ഭാഗമായ പ്രവർത്തനങ്ങളും, വിജ്ഞാനകേരളത്തിന്റെ പ്രവർത്തനങ്ങളും, ഇതോടൊപ്പംതന്നെ മുന്നോട്ട് കൊണ്ടുപോകുന്നതിനും ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണെന്ന് അറിയിക്കുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ സമഗ്രവും, സന്തുലിതവുമായ വികസന ക്ഷേമ പ്രവർത്തനങ്ങൾക്ക് ശക്തിപകരുന്ന ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്.

2026-27 വർഷത്തെ കരട് ബജറ്റ് അവതരണത്തിനും, സമഗ്രമായ വികസനപ്രവർത്തനം നടത്തുന്നതിനും നിങ്ങളുടെ എല്ലാവരുടേയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട് ബജറ്റ് അവതരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡണ്ടിനെ ക്ഷണിച്ചുകൊണ്ടും ഞാൻ ഉപസംഹരിക്കുന്നു.

വടക്കാഞ്ചേരി,
28.02.2026

കെ.വി. നഫീസ
പ്രസിഡണ്ട്
വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

# 2026-2027 കരട് വാർഷിക ബജറ്റ്

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ 29-ാം വാർഷികം പിന്നിട്ട വേളയിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ളതും ഈ ഭരണസമിതിയുടെ ആദ്യത്തേതുമായ ബജറ്റ് നിങ്ങളുടെ മുമ്പാകെ വളരെ ചാരിതാർത്ഥ്യത്തോടെ അവതരിപ്പിക്കുകയാണ്.

കേരളത്തിന്റെ സുസ്ഥിര വികസനം ലക്ഷ്യമാക്കിയാണ് പതിനാലാം പഞ്ചവത്സരപദ്ധതി ആസൂത്രണം ചെയ്തിട്ടുള്ളത്. ഈ ലക്ഷ്യത്തെ മുൻനിർത്തി, വൈവിധ്യമാർന്നതും, ഭാവനാപൂർണ്ണവുമായ നിരവധി വികസന ക്ഷേമ പദ്ധതികൾ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് മുൻകാലങ്ങളിൽ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. മുൻകാലങ്ങളിൽ കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കികൊണ്ടും, പിന്നോക്ക വിഭാഗങ്ങൾ ഉൾപ്പെടെയുള്ള പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തെ പൂർണ്ണമായും ഉൾക്കൊണ്ടുകൊണ്ടും, സ്ത്രീകൾ/കുട്ടികൾ/വയോജനങ്ങൾ/ഭിന്നശേഷിക്കാർ എന്നിവർക്ക് പ്രത്യേക പരിഗണന നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള നിരവധി പദ്ധതികളും ബ്ലോക്ക് പഞ്ചായത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആരോഗ്യ വിദ്യാഭ്യാസ രംഗത്തും, ശുചിത്വ മാലിന്യസംസ്കരണ മേഖലകളിലും, അതിദാരിദ്ര്യം നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും, സ്വന്തമായി ഭൂമി ഉള്ളവരും, ഇല്ലാത്തവരുമായ എല്ലാ ഭവനരഹിതർക്കും, മാന്യവും, വാസയോഗ്യവുമായി ഭവനം സ്വന്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും, പ്രകൃതി വിഭവ സംരക്ഷണ പ്രവർത്തനങ്ങളും, കല സാംസ്കാരിക മേഖലകളിലെ വിവിധ പ്രോത്സാഹന പരിപാടികളും നടപ്പിലാക്കുന്നതിൽ ബ്ലോക്ക് പഞ്ചായത്ത്

ശ്രദ്ധേയമായി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. പട്ടികജാതി ഉന്നതികളിലെ അടിസ്ഥാനസൗകര്യ വികസനം ലക്ഷ്യമിട്ടുകൊണ്ടും സ്വന്തമായി കെട്ടിടവും, ഭൂമിയും ഇല്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിനും ബ്ലോക്ക് പഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ബന്ധപ്പെട്ട മേഖലയിലെ പ്രവർത്തനങ്ങൾ തുടർന്നും മുന്നോട്ട് കൊണ്ടുപോകേണ്ടതും ശക്തിപ്പെടുത്തേണ്ടതുമാണ്. ടൂറിസം മേഖലയിലും ബ്ലോക്ക് പഞ്ചായത്ത് ശ്രദ്ധേയമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി വരികയാണ്.

ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് നൽകിവരുന്ന സേവനങ്ങൾ ഒരു കുടക്കീഴിൽ കൊണ്ടുവരിക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി, മുൻകാലങ്ങളിൽ അനുബന്ധസ്ഥാപനമായ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഓഫീസ്, സംയോജിത ശിശു വികസന പദ്ധതി ഓഫീസ് എന്നീ ഓഫീസുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ തന്നെ ഓഫീസ് സംവിധാനം ഒരുക്കുകയും, കൂടാതെ ഫിഷറീസ്, കേരള വനം വികസന കോർപ്പറേഷൻ, വിജ്ഞാന കേരളത്തിന്റെ ഭാഗമായി ജോബ് സ്റ്റേഷൻ, കുടുംബശ്രീ, ബ്ലോക്ക്തല റിസോഴ്സ് കേന്ദ്രം എന്നിവയും ബ്ലോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതിനുള്ള സംവിധാനം ഒരുക്കുകയും ചെയ്തിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ സേവനങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതമാക്കുന്നതിനുമായി ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്.

14 -ാം പഞ്ചവത്സര പദ്ധതിയുടെ അവസാനവർഷമായ 2026-27 ലെ വാർഷിക പദ്ധതിക്ക് രൂപം നൽകുമ്പോൾ ഭവനനിർമ്മാണം, ദാരിദ്ര്യനിർമ്മാർജനം, പാലിയേറ്റീവ് പരിചരണം, വിജ്ഞാനകേരളം പദ്ധതി, ഉൽപാദനവർദ്ധനവ്, ജലവിഭവ പരിപാലനം, പട്ടികജാതി/പട്ടികവർഗ വികസനം, ഭൗതികസാഹചര്യങ്ങളുടെ വികസനം, ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സഹായം, ആരോഗ്യസ്ഥാപനങ്ങൾ, ശുചിത്വ-മാലിന്യ സംസ്ക്കരണം തുടങ്ങി നിരവധി മേഖലകൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. കൂടാതെ മുൻകാലങ്ങളിലെ പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കേണ്ടതുമുണ്ട്. മേൽപറഞ്ഞ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് 2026-27 വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

## കാർഷിക - ക്ഷീരവികസന മേഖല

14 -ാം പദ്ധതിയിൽ ഉൽപാദനം, ഉൽപാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക എന്ന പൊതുമുൻഗണനയെ മുൻനിർത്തി ഉൽപാദന മേഖലയിൽ നിരവധി പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ഉൽപാദന വർദ്ധനവിനും, ഉൽപാദനക്ഷമത വർദ്ധനവിനും, ബ്ലോക്ക് പഞ്ചായത്തിലെ അഞ്ച് ഗ്രാമപഞ്ചായത്തുകളും ലക്ഷ്യമിടുമ്പോൾ ഈ ഉൽപന്നങ്ങൾ സംഭരിക്കുന്നതിനും ശേഖരിക്കുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാർഷിക വിപണന സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണം അതിവേഗം പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. കാർഷിക, മൃഗസംരക്ഷണ, ക്ഷീരമേഖലകളിലെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഉൽപാദകരുടെ ലാഭം ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യശൃംഖല വികസിപ്പിക്കുന്നതിനും, മൂല്യ വർദ്ധിത ഉൽപന്നങ്ങളിലധിഷ്ഠിതമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും, വികസിപ്പിക്കുന്നതിനും അതുമൂലം തൊഴിൽ നൽകാനുമുള്ള പദ്ധതി ലക്ഷ്യംവെച്ചുകൊണ്ടുള്ള **കാർഷിക വിപണന സംഭരണ കേന്ദ്രത്തിന്റെ നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് 2026-27 സാമ്പത്തിക വർഷത്തേക്ക് RKVY പദ്ധതി, MP ഫണ്ട്, MLA ഫണ്ട്, ജില്ലാപഞ്ചായത്ത് വിഹിതം എന്നിവ ഉൾപ്പെടുത്തി 20 കോടി രൂപ മാറ്റിവെക്കുന്നു. നെൽകൃഷിക്കും അനുബന്ധമേഖലകൾക്കുമായി 40 ലക്ഷം രൂപയും ബജറ്റിൽ നീക്കിവെക്കുന്നു. ക്ഷീരവികസന മേഖലയിൽ കർഷകർക്ക് പാലിന് സബ്സിഡിയിനത്തിൽ 10 ലക്ഷം രൂപ മാറ്റി വെക്കുന്നു.**

## സാമൂഹ്യനീതി ഉറപ്പാക്കൽ

പാർശ്വവൽക്കരിക്കപ്പെട്ടവരേയും, പ്രത്യേക പരിഗണന അർഹിക്കുന്നവരേയും, മുഖ്യധാരയിലേക്ക് എത്തിക്കുന്നതിനും, അവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും, പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി, പാർപ്പിടം, മികച്ച വിദ്യാഭ്യാസം, ആരോഗ്യ പരിരക്ഷ ഉറപ്പാക്കുന്നതിനും ഭിന്നശേഷിയുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും എല്ലാ മേഖലകളിലും സ്ത്രീകളുടെ സർവ്വോൻമുഖമായ ശാക്തീകരണം ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നുണ്ട്.

വയോജനക്ഷേമ പരിപാടികൾക്കായി 22 ലക്ഷം രൂപയും, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പരിപാടികൾക്ക് 22 ലക്ഷം രൂപയും, പട്ടികജാതി ഉന്നതികളിലെ സമഗ്ര അടിസ്ഥാനവികസനത്തിനായി 54 ലക്ഷം രൂപയും, ബജറ്റിൽ നീക്കിവെക്കുന്നു. സേവനമേഖലയിൽ ഉൾപ്പെടുത്തി VB- G RAM G പദ്ധതിക്കായി 16 കോടി 50 ലക്ഷം രൂപയും, വനിതാക്ഷേമ പരിപാടികൾക്കായി 45 ലക്ഷം രൂപയും അതിദാരിദ്ര്യ നിർമ്മാർജന പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്ക് 5 ലക്ഷം രൂപയും ബജറ്റിൽ മാറ്റിവെക്കുന്നു.

## ഭവനനിർമ്മാണം

എല്ലാ ഭവനരഹിതർക്കും, മാന്യവും വാസയോഗ്യവുമായ ഭവനം ലക്ഷ്യം വെച്ചുകൊണ്ട് സംസ്ഥാനസർക്കാർ നടപ്പിലാക്കി വരുന്ന ഭവനനിർമ്മാണ പദ്ധതികളുടെ പൂർത്തീകരണത്തിനായി ബ്ലോക്ക് പഞ്ചായത്ത് നിരന്തരമായ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തേക്ക് ലൈഫ് ഭവനനിർമ്മാണപദ്ധതി, പിഎംഎവൈ(ജി) പദ്ധതി എന്നിവക്കായി വികസനഫണ്ട്, കേന്ദ്രവിഹിതം, ജില്ലാ-ഗ്രാമ പഞ്ചായത്ത് വിഹിതം എന്നിവയിൽ ഉൾപ്പെടുത്തി 5 കോടി 99 ലക്ഷം രൂപ ബജറ്റിൽ നീക്കിവെക്കുന്നു.

## ശുചിത്വം- മാലിന്യ പരിപാലനം

കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രകൃതി പ്രതിഭാസങ്ങളെ പ്രതിരോധിക്കുന്നതിനും, പ്രകൃതി വിഭവ സംരക്ഷണത്തിനും മുൻഗണന നൽകികൊണ്ട് ധനകാര്യ കമ്മീഷൻ ഗ്രാന്റ്, വികസനഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി കുടിവെള്ളം, ശുചിത്വം, മണ്ണ് ജലസംരക്ഷണം എന്നിവക്കായി 80 ലക്ഷം രൂപ ബജറ്റിൽ നീക്കിവെക്കുന്നു. മാലിന്യപരിപാലനത്തിനായി ബ്ലോക്ക് പഞ്ചായത്ത് വിഹിതം, സ്വച്ഛ്ഭാരത്മിഷൻ ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി 50 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## സേവനപ്രദാനം

ബ്ലോക്ക് പഞ്ചായത്തിലെ എല്ലാ ഘടകസ്ഥാപനഓഫീസുകളുടേയും അടിസ്ഥാന സൗകര്യം വികസിപ്പിച്ച് അവിടെനിന്നുള്ള സേവനങ്ങൾ കാര്യക്ഷമവും സമയബന്ധിതവും ആയി മാറ്റുന്നതിനും ബ്ലോക്ക് പഞ്ചായത്ത് ലക്ഷ്യമിടുന്നു. ബ്ളോക്ക് പഞ്ചായത്ത് ഓഫീസിന്റെ നവീകരണത്തിന് ബേസിക് ഗ്രാന്റിൽ ഉൾപ്പെടുത്തി 40 ലക്ഷം രൂപയും, വനിത ശിശുവികസന വകുപ്പിന്റെ ഹാൾ നവീകരണത്തിനായി 23 ലക്ഷം രൂപയും, ഘടകസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും മെച്ചപ്പെടുത്തുന്നതിന് 15 ലക്ഷം രൂപയും ആശുപത്രിയിലേക്ക് മരുന്ന് വാങ്ങുന്നതിന് 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 48 ലക്ഷം രൂപ മെയിന്റനൻസ്ഗ്രാന്റ് (നോൺ റോഡ്) ഇനത്തിൽ മാറ്റിവെക്കുന്നു.

## ആരോഗ്യമേഖല

ആരോഗ്യമേഖലയിൽ നിരവധി വികസന പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടുണ്ട്. ആശുപത്രികളുടെ അടിസ്ഥാനസൗകര്യ വികസനവും, പൊതു ആരോഗ്യപരിപാടികളും ഇതിൽപ്പെടുന്നു. എരുമപ്പെട്ടി സിഎച്ച്സിയിലെ ചികിത്സാസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും, പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കും, സ്ത്രീകളിലെ വിളർച്ച രോഗനിർണയവും - പരിശോധനകൾക്കും, തുടർ പ്രവർത്തനങ്ങൾ എന്നിവക്കായി 30 ലക്ഷം രൂപ വകയിരുത്തുന്നു. ജില്ലാ ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തനത്തിനായി മുൻകാലങ്ങളിൽ ബ്ലോക്ക് പഞ്ചായത്ത് വിഹിതമായി 15.25 ലക്ഷം രൂപ നൽകിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്കായി അടുത്ത സാമ്പത്തികവർഷത്തേക്ക് 2 ലക്ഷം രൂപ മാറ്റി വെക്കുന്നു.

## കല -സംസ്കാരം-വിദ്യാഭ്യാസം

വജ്രജൂബിലി കലാകാരൻമാർക്കുള്ള ഫെലോഷിപ്പ്, കേരളോത്സവം തുടങ്ങി കല കായിക രംഗത്തെ വിവിധ പ്രവർത്തനങ്ങൾക്കായി 8 ലക്ഷം രൂപയും, പട്ടികജാതി ക്ഷേമത്തിനുള്ള പ്രത്യേക പരിപാടിയിൽ ഉൾപ്പെടുത്തി പഠനമുറിക്കായി 20 ലക്ഷം രൂപയും, ഗവ. പ്രീമെട്രിക് ഹോസ്റ്റലിന്റെ നവീകരണം

ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്കായി 2 ലക്ഷം രൂപയും വികസനഫണ്ടിൽ ഉൾപ്പെടുത്തി വകയിരുത്തുന്നു.

## പ്രാദേശിക സാമ്പത്തിക വികസനവും തൊഴിലവസര സൃഷ്ടിയും

പതിനാലാം പഞ്ചവത്സര പദ്ധതിയുടെ മുഖ്യലക്ഷ്യങ്ങളിൽ പരമപ്രധാനമാണ് പ്രാദേശിക സാമ്പത്തിക വികസനവും, തൊഴിൽ അവസര സൃഷ്ടിയും. കേരളത്തിലെ മനുഷ്യ വിഭവ ശേഷിക്ക് അനുയോജ്യമായ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച " വിജ്ഞാന കേരളം പദ്ധതി " യിൽ വിപുലമായ പ്രവർത്തനങ്ങൾ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്തിയിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്കായി വികസനഫണ്ടിൽ ഉൾപ്പെടുത്തി 7 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തുന്നു.

## പശ്ചാത്തലമേഖല

പശ്ചാത്തലമേഖലയിലെ സമഗ്രവികസനത്തിനായി റോഡുകൾ ഉൾപ്പെടെയുള്ളവയുടെ വികസനത്തിനായി ബ്ലോക്ക് പഞ്ചായത്ത് ഇക്കാലയളവിൽ ശ്രദ്ധേയമായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. 2026-27 സാമ്പത്തിക വർഷത്തേക്ക് വികസന ഫണ്ട്, ജില്ലാപഞ്ചായത്ത് ഗ്രാമപഞ്ചായത്ത് വിഹിതം, NABARD, NCFRW എന്നിവയിൽ ഉൾപ്പെടുത്തി റോഡുകൾക്കായി 70 ലക്ഷം രൂപയും, MPLAD സ്കീമിൽ ഉൾപ്പെടുത്തി തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപയും ബജറ്റിൽ വകയിരുത്തുന്നു.

## സർക്കാരിന്റെ ബജറ്റ് അലോക്കേഷൻ തുക

### വികസന ഫണ്ട്

1. ജനറൽ വിഹിതം - 3,31,91,000
2. എസ്‌സിപി വിഹിതം - 1,78,83,000
3. ടിഎസ്‌പി വിഹിതം - 94,000
4. അൺടൈഡ് ഗ്രാന്റ് - 39,14,000
5. ടൈഡ് ഗ്രാന്റ് - 58,71,000
6. മെയിന്റനൻസ് ഗ്രാന്റ് - 48,08,000

മേൽ പറഞ്ഞ വസ്തുതകൾ പരിഗണിച്ചുകൊണ്ട് നിലവിലെ ഭരണസമിതിക്കുവേണ്ടി 2025-26 സാമ്പത്തിക വർഷത്തേക്ക് മുൻ ബാക്കി ഉൾപ്പെടെ **50,26,65,697/-** രൂപ (അമ്പത് കോടി ഇരുപത്തിയാറ് ലക്ഷത്തി അറുപത്താഞ്ചായിരത്തി അറുന്നൂറ്റി തൊണ്ണൂറ്റിയേഴ് രൂപ മാത്രം) വരവും **49,46,97,848/-** രൂപ (നാൽപത്തൊമ്പത് കോടി നാൽപത്തിയാറ് ലക്ഷത്തി തൊണ്ണൂറ്റി ഏഴായിരത്തി എണ്ണൂറ്റി നാൽപത്തിയെട്ട് രൂപ മാത്രം) ചെലവും, **79,67,849/-** രൂപ (എഴുപത്തിയൊമ്പത് ലക്ഷത്തി അറുപത്തി ഏഴായിരത്തി എണ്ണൂന്നൂറ്റി നാൽപത്തിയൊമ്പത് രൂപ മാത്രം) മിച്ചവും പ്രതീക്ഷിക്കുന്ന ഒരു ബജറ്റാണ് ഇവിടെ അവതരിപ്പിക്കുന്നത്. വരവിന്റേയും ചെലവിന്റേയും വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

പതിനാലാം പദ്ധതി വിഭാവനം ചെയ്തിട്ടുള്ള പൊതുലക്ഷ്യങ്ങളും, മുൻഗണനകളും അടിസ്ഥാനമാക്കി ബ്ലോക്ക് പഞ്ചായത്തിന്റെ സുസ്ഥിരവും സമഗ്രവുമായ വികസനം ലക്ഷ്യമിട്ടുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് എല്ലാവരുടേയും സഹകരണവും സഹായങ്ങളും പ്രതീക്ഷിച്ചുകൊണ്ട്, വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിന്റെ 2026-27 വർഷത്തേക്കുള്ള കരട് ബജറ്റ് വിശദമായ ചർച്ചകൾക്കും നിർദ്ദേശങ്ങൾക്കുമായി സമർപ്പിക്കുന്നു.

എന്ന്,

വിനയപൂർവ്വം,

ശ്രുതി ലാലു
വൈസ് പ്രസിഡന്റ് &
ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ
വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

വടക്കാഞ്ചേരി,
28.02.2026.

# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

## 2026–27 ബജറ്റ് സംഗ്രഹം

| | | |
|---|---|---|
| 1 | മുൻബാക്കി | 63,47,697 |
| 2 | വരവ് | 49,63,18,000 |
| 3 | ആകെ വരവ് | 50,26,65,697 |
| 4 | ആകെ ചെലവ് | 49,46,97,848 |
| 5 | നീക്കി ബാക്കി | 79,67,849 |

# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് 2026-27

## വരവുകൾ

| ക്രമ നം. | ഇനം | |
|---|---|---|
| 1 | **മുൻബാക്കി** | **6347697** |
| 2 | നികുതിയേതര വരുമാനം | 511000 |
| 3 | പ്ലാൻ ഫണ്ട് ജനറൽ | 33191000 |
| 4 | എസ്.സി.പി | 17883000 |
| 5 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 9785000 |
| 6 | ജനറൽ പർപ്പസ് ഗ്രാന്റ് | 9616000 |
| 7 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 4808000 |
| 8 | പട്ടികവർഗ്ഗഘടകപദ്ധതി | 94000 |
| 9 | കേന്ദ്രാവിഷ്കൃത പദ്ധതികൾ | 14400000 |
| 10 | NABARD RIDF | 2500000 |
| 11 | നഗരസഞ്ചയ ഗ്രാന്റ് | 1500000 |
| 12 | MPLADS | 12500000 |
| 13 | MLA Fund | 12500000 |
| 14 | NCFRW | 2000000 |
| 15 | VB-G RAM G | 165000000 |
| 16 | ഗ്രാമപഞ്ചായത്ത് വിഹിതം | 10530000 |
| 17 | ജില്ലാപഞ്ചായത്ത് വിഹിതം | 21560000 |
| 18 | സമ്പൂർണ്ണ ശുചിത്വം & SBM | 4700000 |
| 19 | രാഷ്ട്രീയ കൃഷി വികാസ് യോജന | 170000000 |
| 20 | SC Deapartment (PMAY SHARE) | 2000000 |
| 21 | STATE BUDGET FUND | 210000 |
| 22 | OTHERS | 20000 |
| 23 | Deposit Advance | 1010000 |
| | **ആകെ വരവ്** | **502,665,697** |

# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത്

## ബജറ്റ് 2026-27

## ചെലവുകൾ

| ക്രമ നം. | ഇനം | തുക |
|---|---|---|
| 1 | **ജീവനക്കാര്യത്തിനുള്ള ചെലവുകൾ**<br>(ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം,സിറ്റിംഗ് ഫീ, യാത്രബത്ത, ജീവനക്കാരുടെ വേതനം ഉൾപ്പെടെ) | 3611000 |
| 2 | **ഭരണചെലവുകൾ** | 2120000 |
| 3 | **സംരക്ഷണ/നടത്തിപ്പ് ചെലവുകൾ**<br>(വാഹനങ്ങളുടെ ഡീസൽ, മെയിന്റനൻസ് ചാർജ് ഉൾപ്പെടെ) | 1215000 |
| 4 | **പദ്ധതി ചെലവുകൾ** | |
| | 1. ഉൽപാദന മേഖല | 6467750 |
| | 2. സേവന മേഖല | 77284250 |
| | 3. പശ്ചാത്തല മേഖല | 7431000 |
| | 4. മേഖലവിഭജനത്തിൽ ഉൾപ്പെടാത്തവ (ഐ.കെ.എം. വിഹിതം | 60000 |
| | 5.മെയിന്റനൻസ് പ്രോജക്ടുകൾ<br>(ഘടകസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കുള്ള തുക) | 4808000 |
| | 6. മൂലധന ചെലവുകൾ<br>(സ്ഥാവര ജംഗമ വസ്തുക്കൾ, ഉപകരണങ്ങൾ, നിർമ്മാണങ്ങൾ ഉൾപ്പെടെ | 208500000 |

## വടക്കാഞ്ചേരി ബ്ളോക്ക് പഞ്ചായത്ത് -ബജറ്റ് 2026-27

**മേഖലകളും പ്രധാനവകയിരുത്തലുകളും**

### ഉത്പാദനമേഖല

| ശീതീകരിച്ച പച്ചക്കറി സംഭരണ വിപണനകേന്ദ്രം<br>20 കോടി | നെൽകൃഷി<br>40,00,000 | ക്ഷീരവികസനം<br>10,00,000 |
| --- | --- | --- |

### പശ്ചാത്തലമേഖല

| റോഡുകൾ<br>70 ലക്ഷം | തെരുവ് വിളക്കുകൾ<br>25 ലക്ഷം |
| --- | --- |

# വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്ത് - ബജറ്റ് 2026-27


## സേവനമേഖല

ആരോഗ്യം
40 ലക്ഷം

കുടിവെള്ളം
40 ലക്ഷം

മാലിന്യപരിപാലനം
50 ലക്ഷം

ശുചിത്വം
29 ലക്ഷം



ഭവനനിർമ്മാണം
5 കോടി 99 ലക്ഷം

| | |
|---|---|
| വൃദ്ധക്ഷേമ പരിപാടികൾ | 22 ലക്ഷം |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പരിപാടികൾ | 22 ലക്ഷം |
| വനിത ക്ഷേമപരിപാടി | 45 ലക്ഷം |
| പട്ടികജാതി ക്ഷേമത്തിനുള്ള പ്രത്യേക പരിപാടികൾ | 70 ലക്ഷം |
| VB-G RAM G പദ്ധതി | 16.50 കോടി |
| ഘടകസ്ഥാപനങ്ങൾക്കുള്ള അടിസ്ഥാന സൗകര്യ വികസനം/ദൈനംദിന ചിലവുകൾ | 48ലക്ഷം |

| | |
|---|---|
| WADAKKANCHERY BLOCK PANCHAYATH | |
| FORM NO 1 | |
| DRAFT BUDJET FOR THE YEAR 2026-2027 | |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| | **Opening Balance** | | **24013134** | **6347697** |
| | Revenue Receipt - 1 | | | |
| | Fees and User Charges - 140 | | | |
| 1 | 1402003 Other Penalities and Fines | | 10000 | 11000 |
| | **Total Fees and User Charges** | | **10000** | **11000** |
| | Sale and Hire Charges - 150 | | | |
| 2 | 1501101 Receipts from Sale of Forms | | 400000 | 250000 |
| | **Total Sale and Hire Charges** | | **400000** | **250000** |
| | 1501202 Receipt from sale of Scrap | | | **100000** |
| | Revenue Grants, Contributions and Subsidies - 160 | | | |
| 3 | **1601023 General Purpose Fund** | | **8867000** | **9616000** |
| | **Total Revenue Grants, Contributions and Subsidies** | | **8867000** | **9616000** |
| | **Rental Income - LB Properties - 130** | | | |
| 4 | 1302003 Rent from Buildings | | 75000 | 150000 |
| | **Total Rental Income** | | **75000** | **150000** |
| | **Total Revenue Receipt** | | **9352000** | **10127000** |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| | **CAPITAL RECEIPT** | | | |
| | **Grants, Contribution for Specific Purposes - 320** | | | |
| 5 | 3201004 Central Finance Commission Grant - Tied | | 5871000 | 5871000 |
| 6 | 3201005 Central Finance Commission Grant - Untied | | 3914000 | 3914000 |
| 7 | 3201011 Prime Minister S Awas Yojana (PMAY) - General | | 17500000 | 14400000 |
| 8 | 3201023 Member Of Parliament Local And Development Scheme | | 4000000 | 12500000 |
| 9 | 3201027 Swaccha Bharat Mission - Grameen | | 10200000 | 4700000 |
| 10 | 3201044 Mahatma Gandhi National Rural Employment Scheme (MGNREGS) | | 160000000 | 165000000 |
| 11 | 3201049 NABARD - RIDF | | 22500000 | 2500000 |
| 12 | 3202001 Development Fund - General | | 27529000 | 33191000 |
| 13 | 3202002 Development Fund - Special Component Plan | | 16753000 | 17883000 |
| 14 | 3202003 Development Fund - Tribal Sub-Plan | | 133200 | 94000 |
| 15 | 3202010 Maintenance Fund - Non-Road Assets | | 6055000 | 4808000 |
| 16 | 3202037 Other Revenue Grants | | 210000 | 210000 |
| 17 | 3202038 Assistance of State government for PMAY House | | 0 | 2000000 |
| 17 | 3203001 Grant from Other Government Agencies | | 10000000 | 14520000 |
| | 3207002-Contribution- Other Funds | | 0 | 170000000 |
| 18 | 3209001 Contribution to Joint Venture Projects from District Panchayat | | 19135000 | 21560000 |
| 19 | 3209003 Contribution to Joint Venture Projects from Grama Panchayat | | 11225000 | 10530000 |
| 20 | 3209004 Contribution to Joint Venture Projects from Municipal Corprations | | 3000000 | 1500000 |
| | **Total Grants, Contribution for Specific Purposes** | | **318025200** | **485181000** |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| | **Deposits Received - 340** | | | |
| 21 | 3401003 Retention | | | 400000 |
| | 3401001 EMD | | | 25000 |
| | 3401002 Security Deposit | | | 25000 |
| | 3402002 Auction Deposit | | | 10000 |
| | **Total Deposits Received** | | | **460000** |
| | **Recoveries Received- 350** | | | |
| | 3502025- Income Tax | | | 50000 |
| | 3502026- KCWWF | | | 50000 |
| | 3503005 -TDS- CGST | | | 50000 |
| | 3503006- TDS SGST | | | 50000 |
| | 3503007- TDS IGST | | | 50000 |
| | 3503008- CGST | | | 50000 |
| | 3503009- SGST | | | 50000 |
| | **Total recoveries received** | | | **350000** |
| | **Redemption - 431** | | | |
| 22 | 4315002 Receivables from Government (redemption amount) | | 10699879 | 0 |
| | **Total Redemption** | | **10699879** | |
| | Loans, Advances and Deposits - 460 | | | |
| 23 | 4605004 Temporary Advances for Official Purposes | | 200000 | 200000 |
| | **Total Loans, Advances and Deposits** | | **200000** | **200000** |
| | **Total Capital Receipt** | | **328925079** | **486191000** |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| | **Revenue Expenditure - 3** | | | |
| | **Establishment Expenses - 210** | | | |
| 24 | 2101004 Salaries - Contract Staff | | 350000 | 500000 |
| 25 | 2101005 Salaries - Temporary Staff | | 200000 | 350000 |
| 26 | 2101101 Wages | | 300000 | 400000 |
| 27 | 2102009 Other allowances - Temporary Staff | | 50000 | 75000 |
| 28 | 2102014 Monthly Honorarium and Sitting Allowance -Councillors/ Members | | 1750000 | 2200000 |
| 29 | 2102019 Travelling Expense of Chairperson/ President, Deputy Chairperson/ Vice President, Chairperson and Councillors/ members | | 55000 | 75000 |
| 30 | 2102021 Telephone Allowance - Mayor/ Chairperson/ President | | 5000 | 6000 |
| 31 | 2102022 Telephone Allowance - Deputy Mayor/ Vice Chairperson/ Vice President | | 4000 | 5000 |
| | **Total Establishment Expenses** | | **2714000** | **3611000** |
| | **Administrative Expenses - 220** | | | |
| 32 | 2201005 Vehicle Tax | | 125000 | 60000 |
| 33 | 2201101 Office Electricity Expenses | | 160000 | 200000 |
| 34 | 2201102 Water Charges - Office | | 15000 | 20000 |
| 35 | 2201201 Telephone Expenses/ Internet Charges | | 90000 | 55000 |
| 36 | 2201202 Postage Expenses | | 15000 | 15000 |
| 37 | 2201299 Miscellaneous Communication Expenses | | 25000 | 25000 |
| 38 | 2202001 Books & Periodicals | | 40000 | 50000 |
| 39 | 2202101 Printing & Stationery | | 80000 | 100000 |
| 40 | 2204001 Insurance | | 65000 | 75000 |

| SN | |
|---|---|
| | |
| 41 | 2 |
| 42 | 2 |
| 43 | 2 |
| 44 | 2 |
| 45 | 2 |
| 46 | 2 |
| 47 | 2 |
| 48 | 2 |
| 49 | 2 G |
| 50 | 2 Ex |
| | To |
| | O |
| 51 | 23 |
| 52 | 23 |
| 53 | 23 |
| 54 | 23 |
| 55 | 23 Eq |
| 56 | 23 |
| 57 | 23 |
| 58 | 23 |
| | To |
| | Int |
| 59 | 24 |
| | To |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| 41 | 2205101 Miscellaneous Legal Expenses | | 55000 | 60000 |
| 42 | 2205201 Professional & Other Fees | | 65000 | 75000 |
| 43 | 2206001 Newspaper Advertisement Charges | | 45000 | 45000 |
| 44 | 2206002 Keralolsavam Expenses | | 250000 | 150000 |
| 45 | 2206101 Membership & Subscriptions | | 40000 | 55000 |
| 46 | 2208001 Festival Expenses | | 100000 | 100000 |
| 47 | 2208002 Workshops and Seminars | | 75000 | 75000 |
| 48 | 2208003 Grama Sabha/ Ward Sabha Expenses | | 40000 | 25000 |
| 49 | 2208005 Donations And Contributions As Per Government Order | | 50000 | 60000 |
| 50 | 2208099 Miscellaneous Administration Expenses | | 835000 | 875000 |
| | **Total Administrative Expenses** | | **2170000** | **2120000** |
| | **Operation and Maintenance - 230** | | | |
| 51 | 2301002 Fuel Charges | | 325000 | 550000 |
| 52 | 2304001 Vehicle Hire Charges | | 360000 | 150000 |
| 53 | 2305301 Repairs & Maintenance - Vehicles | | 100000 | 100000 |
| 54 | 2305901 Repairs & Maintenance - Machinery | | 50000 | 50000 |
| 55 | 2305902 Repairs & Maintenance - Office Equipments | | 50000 | 75000 |
| 56 | 2305909 Other Repairs & Maintenance | | 20000 | 35000 |
| 57 | 2308010 Extra - ordinary Expenses | | 75000 | 75000 |
| 58 | 2308201 Refreshment Charges | | 150000 | 180000 |
| | **Total Operation and Maintenance** | | **1130000** | **1215000** |
| | **Interest and Finance Charges - 240** | | | |
| 59 | 2407001 Bank Charges | | 2000 | 2000 |
| | **Total Interest and Finance Charges** | | **2000** | **2000** |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| | **Programe Expenses - 250** | | | |
| 60 | 2502001 Expenditure on Poverty Eradication Program | | 160000000 | 165000000 |
| | **Total Programe Expenses** | | **160000000** | **165500000** |
| | **Expenses Related to Productive Sector - 25** | | | |
| 61 | 2510101 Agriculture - Paddy | | 2000000 | 4000000 |
| 62 | 2510131 Agriculture Development - Infrastructure Facilities | | 9110000 | 0 |
| 63 | 2510305 Dairy Development - Milk Incentives | | 1000000 | 1000000 |
| 64 | 2510802 Water Conservation | | 3263031 | 1467750 |
| | **Total Expenses Related to Productive Sector** | | **15373031** | **6467750** |
| | **Expenses Related to Service Sector - 252** | | | |
| 65 | 2520107 Education-Related Activities | | 3082560 | 2094000 |
| 66 | 2520503 Arts,Culture,Sports and Youth Welfare-Promotion | | 600000 | 800000 |
| 67 | 2520602 Health related Programs | | 1822900 | 2764000 |
| 68 | 2520618 Medical Institution - Allopathy | | 8905552 | 1000000 |
| 69 | 2520702 Drinking Water - Public | | 3387217 | 3610750 |
| 70 | 2520801 Housing & House Electrification - Individual | | 66686445 | 59930000 |
| 71 | 2520906 Welfare Programs for Physically/ Mentally Challenged | | 2146370 | 2250000 |
| 72 | 2521203 Vocational Capacity Building - Related Activities | | 640000 | 680000 |
| 73 | 2521601 Local Government Service Delivery Improvement | | 200000 | 0 |
| 74 | 2521602 Payments to IKM | | 55645 | 60000 |
| 75 | 2521701 Allied Institution Service Delivery Improvement | | 580000 | 1000000 |
| 76 | 2521905 Toilet (Institution Level) | | 2010000 | 2010000 |
| 77 | 2521906 Toilet (Public/Community Level) | | 47052 | 0 |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| 78 | 2522001 Plan Formulation, Implementation and Monitoring | | 150000 | 150000 |
| 79 | 2522304 Solid Waste Management - Classification | | 1200000 | 935500 |
| | **Total Expenses Related to Service Sector** | | **91513741** | **77284250** |
| | **Expenses Related to Infrastructure Sector - 253** | | | |
| 80 | 2530101 Street Lights | | 4000000 | 2500000 |
| 81 | 2530201 Roads | | 2620552 | 4500000 |
| 82 | 2530501 Vehicle Rent for Engineering Wing | | 400000 | 431000 |
| | **Total Expenses Related to Infrastructure Sector** | | **7020552** | **7431000** |
| | **Expenses related to State Sponsored Schemes - 254** | | | |
| 83 | 2540106 Financial Assistance for Intercaste marriage | | 210000 | 210000 |
| | **Total Expenses related to State Sponsored Schemes** | | **210000** | **210000** |
| | **Total Revenue Expenditure** | | **280133324** | **263841000** |
| | **Capital Expenditure - 4** | | | |
| | **Refund of Deposits - 340** | | | |
| 84 | 3401003 Retention | | 900000 | 400000 |
| | 3401001 EMD | | | 25000 |
| | 3401002 Security Deposit | | | 25000 |
| | 3402002 Auction Deposit | | | 10000 |
| | **Total Refund of Deposits** | | **900000** | **460000** |
| | **Payment of Recoveries - 350** | | | |
| 85 | 3502025 Recoveries Payable - Income Tax Deducted at Source | | 50000 | 50000 |
| 86 | 3502026 Recoveries Payable - Kerala Construction Workers Welfare Fund | | 50000 | 50000 |
| 87 | 3503005 Government and Other Dues Payable-TDS - CGST | | 50000 | 50000 |
| 88 | 3503006 Government and Other Dues Payable-TDS - SGST | | 50000 | 50000 |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024-25 | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| 89 | 3503008 Government and Other Dues Payable - CGST | | 50000 | 50000 |
| | 3503007- TDS IGST | | 0 | 50000 |
| 90 | 3503009 Government and Other Dues Payable - SGST | | 50000 | 50000 |
| | **Total Payment of Recoveries** | | **300000** | **350000** |
| | **Fixed Assets - 410** | | | |
| 91 | 4101008 Public well | | 1279250 | 0 |
| 92 | 4102002 Administrative Buildings | | 1928850 | 3914000 |
| 93 | 4102011 Public Comfort Stations | | 4425000 | 0 |
| 94 | 4102016 Other Buildings | | 4354073 | 2000000 |
| 95 | 4103001 Concrete Roads | | 1000000 | 1500000 |
| 96 | 4103002 Black Topped Roads | | 35437000 | 3644848 |
| 97 | 4103012 Side Walls | | 2889108 | 1500000 |
| 98 | 4103099 Other Constructions | | 600000 | 800000 |
| 99 | 4103102 Drainage | | 3848349 | 1500000 |
| 100 | 4104001 Plant & Machinery | | 5943651 | 4700000 |
| 101 | 4105001 Vehicles | | 1500000 | 0 |
| 102 | 4106002 Computers, Printers & Peripherals | | 438067 | 500000 |
| 103 | 4107001 Furniture, Fixtures, Fittings & Electrical Appliances | | 250925 | 300000 |
| 104 | 4108001 Other Fixed Assets | | 59919 | 308000 |
| | **Total Fixed Assets** | | **63954192** | **20666848** |
| | Capital Work in Progress - 412 | | | |
| 105 | 4120101 Capital Work In Progress | | 10000000 | 208500000 |
| | **Total Capital Work in Progress** | | **10000000** | **208500000** |

| SN | |
|---|---|
| | S |
| 106 | 4 |
| | T |
| | L |
| 107 | 4 A |
| | T |
| | T |
| | T |
| | T |
| | C |

| SN | HEAD OF ACCOUNTS | ACTUALS FOR THE PREVIOUS YEAR 2024- | REVISED BUDJET FOR THE YEAR 2025-26 | BUDJET FOR THE YEAR 2026-27 |
|---|---|---|---|---|
| | Stock in Hand - 430 | | | |
| 106 | 4301002 Purchase of Material - Stores | | 30000 | 30000 |
| | Total Stock in Hand | | 30000 | 30000 |
| | Loans, Advances and Deposits - 460 | | | |
| 107 | 4605005 Advance to Mahatma Gandhi NREGS/ AUEGS | | 625000 | 850000 |
| | Total Loans, Advances and Deposits | | 625000 | 850000 |
| | Total Capital Expenditure | | 75809192 | 230856848 |
| | Total Expenditure | | 355942516 | 494697848 |
| | Total Receipts | | 338277079 | 496318000 |
| | CLOSING BALANCE | | 6347697 | 7967849 |





